**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 77 30-06-2016-ന് മറുപടിയ്ക്ക്**

**വനഭൂമി സംരക്ഷിക്കാൻ നടപടി**

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.കെ.ദാസൻ<br>ശ്രീ.മുരളി പെരുനെല്ലി | ശ്രീ. കെ. രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | വനഭൂമി സംരക്ഷിക്കുന്ന കാര്യത്തിൽ മുൻ സർക്കാർ വേണ്ട നടപടി സ്വീകരിച്ചില്ലെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ഈ സർക്കാർ ഇതിനായി ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ വിശദമാക്കാമോ; | (എ) | വനസംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വനം കയ്യേറ്റ ശ്രമങ്ങൾ യഥാസമയം കണ്ടെത്തി അവ തടയുകയും കുറ്റക്കാർക്കെതിരെ നിയമനടപടി സ്വീകരിച്ചും വരുന്നു. വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തികൾ നിർണ്ണയിച്ച് സ്ഥിരം ജണ്ടകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിലേയ്ക്കായി വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവർക്ക് സർവ്വെ ജോലികളിൽ പരിശീലനം നൽകി വരുന്നു. വനം കയ്യേറ്റ സാധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തിയും വനസംരക്ഷണം ഉറപ്പാക്കുന്നു. വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിൽ ജനപങ്കാളിത്തത്തോടെയുള്ള വനപരിപാലന സംരക്ഷണ പ്രവർത്തനങ്ങൾ വഴി വനം കയ്യേറ്റ ശ്രമങ്ങളും, വനകുറ്റകൃത്യങ്ങൾ തടയുന്നതിനും കഴിഞ്ഞിട്ടുണ്ട്. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സ്റ്റേറ്റ് ലവൽ മോണിറ്ററിംഗ് കമ്മിറ്റിയും സർക്കിൾ കൺസർവേറ്റർമാരുടെ നേതൃത്വത്തിൽ സർക്കിൾതല കമ്മിറ്റികളും, വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് ഫലപ്രദമായി വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (ബി) | വനഭൂമി കൈയ്യേറ്റം ഒഴിപ്പിക്കുന്നതു സംബന്ധിച്ച് 2015 സെപ്റ്റംബർ മാസം ഹൈക്കോടതി | (ബി) | നേച്ചർ ലവേഴ്സ് മൂവ്മെന്റ് ഫയൽ ചെയ്ത ഒ.പി.18467/02, ഒൺ എർത്ത് ഒൺ ലൈഫ് സൊസൈറ്റി ഫയൽ ചെയ്ത ഒ.പി.1947/2003 എന്നീ കേസുകളിലെ 04-09-2015-ലെ |

| | | | |
|---|---|---|---|
| | പുറപ്പെടുവിച്ച ഉത്തരവിന്റെ വിശദവിവരങ്ങൾ അറിയിക്കാമോ; | | വിധിയിൽ 1957-ലെ കേരള ലാന്റ് കൺസർവൻസി ആക്ട്, 1961-ലെ കേരള ഫോറസ്റ്റ് ആക്ട് എന്നിവ പ്രകാരം കയ്യേറ്റക്കാർക്ക് നിയമാനുസൃതം സ്റ്റാറ്റ്യൂട്ടറി നോട്ടീസ് നൽകി അതിൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിച്ച് കയ്യേറ്റം ഒഴിപ്പിക്കേണ്ടതാണെന്നും വിധിപകർപ്പ് കൈപ്പറ്റി ആറ് മാസത്തിനുള്ളിൽ ഇത് സംബന്ധിച്ച നടപടികൾ ആരംഭിച്ച് തുടർന്ന് ആറ് മാസക്കാലയളവുകൊണ്ട് നടപടികൾ പൂർത്തിയാക്കേണ്ടതുമാണ്. |
| (സി) | പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ മുൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും സർക്കാർ ഇക്കാര്യത്തിൽ എന്തു ചെയ്യാനുദ്ദേശിക്കുന്നെന്നും അറിയിക്കാമോ? | (സി) | കേരള ലാന്റ് കൺസർവൻസി ആക്ട് 1957 പ്രകാരം സ്റ്റാറ്റ്യൂട്ടറി നോട്ടീസ് നൽകി കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതു സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം ആരായുകയും അത് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ വിഷയം 20-01-2016-ൽ കൂടിയ സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗിലും ചർച്ച ചെയ്തു. ഈ ചർച്ചയുടേയും അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ വനം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുന്നത് സംബന്ധിച്ച് പരിശോധിച്ചു വരുന്നു. |

Ajithsab

**സെക്ഷൻ ഓഫീസർ**